"ഭരണഭാഷ-മാതൃഭാഷ"

Kerala Prisons &
Correctional Services

ആസ്ഥാന കാര്യാലയം ജയിൽ
വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം - 12
ഫോൺ : 0471-2342532
ഇമെയിൽ : keralaprisons@gov.in
തീയതി : 02-08-2019

## സർക്കുലർ നം 34/2019

കേരള സംസ്ഥാന മനുഷ്യാവകാശ ചെയർപേഴ്സൺ 11/07/2019 ന് പീരുമേട് സബ് ജയിൽ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്ത ചുവടെ പറയുന്ന വിഷയങ്ങളിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ഒരു മാസത്തിനകം തന്നെ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(1) പ്രതികളെ ജയിലിൽ പ്രവേശിപ്പിക്കുന്നതിനായി കൊണ്ടു വരുമ്പോൾ അവരെ ഡോക്ടർ കൃത്യമായി പരിശോധിച്ച് രോഗ വിവരങ്ങൾ / പരുക്കുകൾ എന്നിവ സംബന്ധിച്ച് കൃത്യമായ വിവരണം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ജയിൽ ഉദ്യോഗസ്ഥർ ഉറപ്പാക്കണം.

(2) ജയിലിൽ കൊണ്ടുവരുന്ന പ്രതിയുടെ തത്സമയത്തെ ശാരീരിക അവസ്ഥയും, ആരോഗ്യ സ്ഥിതിയും, പരുക്കുകളും പരിശോധിച്ചും, പ്രതിയോട് നേരിട്ട് ചോദിച്ചു മനസ്സിലാക്കിയും പരിശോധിച്ചും വിവരങ്ങൾ രേഖപ്പെടുത്താൻ ഒരു രജിസ്റ്റർ ജയിലിൽ സൂക്ഷിക്കേണ്ടതും, ജയിൽ ഉദ്യോഗസ്ഥർ ഈ രജിസ്റ്ററിന്റെ ഉള്ളടക്കം സ്വതന്ത്രമായി രേഖപ്പെടുത്തേണ്ടതും, ഈ രജിസ്റ്ററിന്റെ കൃത്യത ഉയർന്ന ഉദ്യോഗസ്ഥന്മാർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

(3) ജയിലിൽ പ്രവേശിപ്പിച്ചിട്ടുള്ള അന്തേവാസികളുടെ ആശുപത്രി പ്രവേശം, മരണം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ടിയാന്റെ ബന്ധുക്കളെ കൃത്യ സമയത്തു തന്നെ ജയിൽ വകുപ്പ് വഴിയോ, പോലീസ് വകുപ്പ് വഴിയോ അറിയിച്ചിട്ടുണ്ടെന്ന് സൂപ്രണ്ട് ഉറപ്പു വരുത്തേണ്ടതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും.

പകർപ്പ് : ഡി. ഐ. ജി. ഓഫ് പ്രിസൺസ്,
ഉത്തര മേഖല/ മദ്ധ്യ മേഖല/ ദക്ഷിണ മേഖല.